# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യ വകുപ്പ്—സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ വിവിധ ഇനത്തിലുള്ള സർക്കാർ ബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച്— ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

## ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 139/2018/ധന.    തിരുവനന്തപുരം, 2018 സെപ്റ്റംബർ 1.**

---

പരാമർശം:—സ. ഉ. (അച്ചടി) നമ്പർ 91/2017/ധന. തീയതി 17-7-2017.

## ഉത്തരവ്

സർവ്വീസിലിരുന്നു മരണമടയുന്ന ജീവനക്കാരുടെ വിവിധ ഇനത്തിലുള്ള സർക്കാർ ബാദ്ധ്യതയിൽ 5 ലക്ഷം രൂപവരെ പരാമർശ ഉത്തരവ് പ്രകാരം എഴുതിത്തള്ളാവുന്നതാണ്. എന്നാൽ ആയതിനുള്ള നടപടിക്രമം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മരണമടയുന്ന ജീവനക്കാരുടെ സർക്കാർ ബാദ്ധ്യത എഴുതിത്തള്ളുന്നതിന് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു:

(i) വായ്പ എഴുതിത്തള്ളുന്നതിനുള്ള ശിപാർശ അനുബന്ധം 1-ൽ വിവരിക്കുന്ന ചെക്ക് ലിസ്റ്റിൽ ഉൾപ്പെട്ട രേഖകൾ സഹിതം അപേക്ഷകൻ ഓഫീസ് മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

(ii) ഓഫീസ് മേലധികാരി/ബന്ധപ്പെട്ട നിയമന അധികാരി അനുബന്ധം 2-ൽ പരാമർശിക്കുന്ന രേഖകൾ സഹിതം വ്യക്തമായ ശിപാർശയോടെ വകുപ്പ് തലവൻവഴി പ്രസ്തുത അപേക്ഷ ഭരണവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

(iii) അപേക്ഷയും ചെക്ക് ലിസ്റ്റിൽ ഉൾപ്പെട്ട രേഖകളും പരിശോധിച്ച് വകുപ്പ് സെക്രട്ടറിയുടെ വ്യക്തമായ ശിപാർശ സഹിതം ഭരണ വകുപ്പ് പ്രസ്തുത അപേക്ഷ ധനകാര്യ വകുപ്പിന് സമർപ്പിക്കണം.

GCPT. 4/3572/2018/S-2.

(iv) വിവിധ ബാദ്ധ്യത തുകകൾ എഴുതിത്തള്ളുന്നതിനുള്ള ശിപാർശകൾ ധനവകുപ്പിലെ ബന്ധപ്പെട്ട വിംഗുകൾ പരിശോധിച്ച് ഉയർന്ന തലത്തിൽ തീരുമാനമെടുക്കേണ്ടതാണ്. ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട വിംഗ് നിർദ്ദേശിക്കുമ്പോൾ മാത്രം ധനകാര്യ പരിശോധന വിഭാഗം/ജില്ലാ ധനകാര്യ പരിശോധന വിഭാഗം ഇത് സംബന്ധിച്ച പരിശോധന നടത്തിയാൽ മതിയാകും. ധനകാര്യ പരിശോധന വിഭാഗത്തിന് ഫയൽ കൈമാറുമ്പോൾ ബന്ധപ്പെട്ട രേഖകൾകൂടി കൈമാറേണ്ടതാണ്.

(v) ധനകാര്യ പരിശോധന വിഭാഗം/ജില്ലാ ധനകാര്യ പരിശോധന വിഭാഗം താഴെപ്പറയുന്ന വിവരങ്ങൾ പരിശോധിക്കേണ്ടതാണ്:

(a) ഫീൽഡ് പരിശോധന.—വീട് നിർമ്മിച്ചിട്ടുണ്ടോ എന്നും അനുവദിച്ച ഭൂമിയിൽ തന്നെയാണോ വീട് നിർമ്മിച്ചിട്ടുള്ളത് എന്നും വീട്/പ്ലോട്ട്/വീടും പ്ലോട്ടും വാങ്ങുവാൻ ഭവന നിർമ്മാണ വായ്പ എടുത്ത കേസുകളിൽ സർക്കാരിലേക്ക് പണയപ്പെടുത്തിയ ഭൂമിയും വീടും തന്നെയാണോ വാങ്ങിയിട്ടുള്ളത് എന്നും, സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം തന്നെയാണോ വീട് നിർമ്മിച്ചിട്ടുള്ളതെന്നും (ഏകദേശ പരിശോധന മതിയാകും) പരിശോധിക്കേണ്ടതാണ്. ജില്ലാ ധനകാര്യ പരിശോധന വിഭാഗം ആവശ്യപ്പെടുന്നപക്ഷം റവന്യൂ-വില്ലേജ് അധികാരികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമാരാമത്ത് വകുപ്പ്, ഭവന നിർമ്മാണ വായ്പ എടുത്ത ജീവനക്കാരന്റെ വകുപ്പ് അധികാരികൾ, മറ്റ് സർക്കാർ ജീവനക്കാർ എന്നിവർ പരിശോധനാവേളയിൽ പരിശോധനയുമായി സഹകരിക്കേണ്ടതാണ്. പരിശോധനാ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖാമൂലം ടി വകുപ്പിലെ ജീവനക്കാർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

(b) ഓഫീസ് പരിശോധന.—ടി ഭൂമി നിൽകുന്ന പ്രാദേശിക ഭരണകൂട ഓഫീസിലും ആവശ്യമെങ്കിൽ മറ്റിടങ്ങളിലും അപേക്ഷകന്റെ/പങ്കാളിയുടെ പ്രായപൂർത്തിയാകാത്ത കുട്ടികളുടെ പേരിൽ വേറെ വീട് നിലവിൽ ഉണ്ടായിരുന്നോയെന്ന് (ഭവന നിർമ്മാണ വായ്പക്ക് അപേക്ഷിക്കുന്ന/കൈപ്പറ്റുന്ന സമയത്ത്), സംശയം തോന്നുന്നപക്ഷം, ആവശ്യമെങ്കിൽ, പ്രാദേശിക ഭരണകൂട രേഖകൾ പ്രകാരം പരിശോധിക്കേണ്ടതാണ്. കൂടാതെ, ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് നിർമ്മിച്ച/വാങ്ങിയ വീടിന് നമ്പർ ലഭിച്ചത് ഭവന നിർമ്മാണ വായ്പ കൈപ്പറ്റിയ ശേഷമായിരുന്നോ എന്നും പരിശോധിക്കേണ്ടതാണ്. തെറ്റായ

വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്ന കേസുകളിൽ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലും പരിശോധന നടത്തേണ്ടതാണ്.

(c) ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന് ഉചിതമെന്ന് തോന്നുന്ന മറ്റ് പരിശോധനകൾ നടത്താവുന്നതാണ്.

(vi) സർക്കാരിന് സമർപ്പിച്ചിരിക്കുന്ന രേഖകൾ പ്രകാരമുള്ള സ്ഥലത്ത് അംഗീകൃത പ്ലാൻ പ്രകാരമാണോ ഭവന നിർമ്മാണം പൂർത്തീകരിച്ചതെന്ന റിപ്പോർട്ട് മൂന്ന് മാസത്തിനകം ധനകാര്യ പരിശോധന വിഭാഗം ധനവകുപ്പിലെ ബന്ധപ്പെട്ട വിംഗിന് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. രാജശ്രീ,

*അഡീഷണൽ സെക്രട്ടറി (ധനകാര്യം).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.

അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധന വിഭാഗം.

അഡീഷണൽ സെക്രട്ടറി, ധനകാര്യ എച്ച്.ബി.എ./ലോൺസ്/എക്സ്പെൻഡിച്ചർ വകുപ്പ്.

എല്ലാ ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാർക്കും.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (നമ്പർ ഇ-469501/പെൻ-ബി3/3/2017-ധന.).

## അനുബന്ധം 1

1. മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
2. അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
3. അവശേഷിക്കുന്ന ബാദ്ധ്യത സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള കത്ത്.
4. തുക പൂർണ്ണമായും ഭവനനിർമ്മാണത്തിന് ഉപയോഗിച്ച് എന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ ₹ 200 മുദ്രപ്പത്രത്തിലുള്ള സത്യവാങ്മൂലം.
5. ഭവന നിർമ്മാണ വായ്പ അനുവദിച്ച ഉത്തരവിന്റെ പകർപ്പ് (ലഭ്യമെങ്കിൽ).
6. ടി ഉത്തരവിൽ പ്ലോട്ട് മാറ്റം തുടങ്ങി ഭേദഗതി ഉത്തരവുകൾ വന്നിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പ് (ലഭ്യമെങ്കിൽ).
7. വീട് നിർമ്മിക്കുന്നതിന് അനുവദിച്ച ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ്.
8. ലൊക്കേഷൻ സർട്ടിഫിക്കറ്റ്.
9. ലൊക്കേഷൻ സ്കെച്ച്.
10. അപേക്ഷയോടൊപ്പം സമർപ്പിച്ച എസ്റ്റിമേറ്റ്.
11. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്.
12. വീട്/പ്ലോട്ട്/വീടും പ്ലോട്ടും വാങ്ങുന്ന കേസുകൾ ആണെങ്കിൽ അതിന്റെ ബന്ധപ്പെട്ട രേഖകൾ.

## അനുബന്ധം 2

1. പരേതന്റെ നിലവിലുള്ള സർക്കാർ ബാദ്ധ്യതകൾ ഏതെല്ലാം ആണ് എന്ന സാക്ഷ്യപത്രം.
2. പരേതന്റെ മറ്റൊരു സർക്കാർ ബാദ്ധ്യതകളും മരണശേഷം ഇതുവരെ എഴുതിത്തള്ളുകയോ എഴുതിത്തള്ളുന്നതിന് ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം. അപ്രകാരമല്ലെങ്കിൽ പരേതന്റെ ഏതൊക്കെ സർക്കാർ ബാദ്ധ്യതകളാണ് മരണശേഷം ഇതുവരെ എഴുതിത്തള്ളിയിട്ടുള്ളതും എഴുതിത്തള്ളുവാൻ സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുള്ളതും എന്ന സാക്ഷ്യപത്രം. ടി സാക്ഷ്യപത്രം വകുപ്പ് തലവൻ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.